LIBRARY ARCHIVES Kerala Legislative Assembly

റിസ്ക് ഫണ്ട് പദ്ധതി

8(*188) ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റിസ്ക് ഫണ്ട് പദ്ധതി പ്രകാരം സഹകാരികളിൽ നിന്ന് യഥാസമയം പണം പിടിച്ചടയ്ക്കാത്തതുമൂലം ആനുകൂല്യം ലഭിക്കാതിരിക്കുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

റിസ്ക് ഫണ്ട് പദ്ധതി പ്രകാരം സഹകാരികളിൽ നിന്ന് യഥാസമയം പണം പിടിച്ചടയ്ക്കാത്തതുമൂലം പദ്ധതിയുടെ ആനുകൂല്യം ലഭിക്കാതിരിക്കുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സംഘത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുന്ന വീഴ്ച കാരണം അർഹതപ്പെട്ട റിസ്ക് ഫണ്ട് ആനുകൂല്യം വായ്പക്കാരന് നഷ്ടപ്പെട്ടാൽ ബന്ധപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണ സമിതിയും ചീഫ് എക്സിക്യൂട്ടീവും ഉത്തരവാദിയായിരിക്കുന്നതാണെന്ന വ്യവസ്ഥ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ചട്ടം ഭേദഗതി ചെയ്തിട്ടുണ്ട്.

ബ്രഹ്മപുരത്ത് വാതകാധിഷ്ഠിത വൈദ്യുത ഉൽപ്പാദനം

9(*189) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരത്ത് വാതകാധിഷ്ഠിത വൈദ്യുത ഉൽപ്പാദനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;. ഉണ്ടെങ്കിൽ ഇതിനായി എത്ര ഭൂമി ആവശ്യമായി വരുമെന്ന് വ്യക്തമാക്കുമോ ;

(ബി) വാതകാധിഷ്ഠിത വൈദ്യുതോല്പാദനം വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ തടഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?